പതിനാലാം കേരള നിയമസഭ

18-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1308 06.02.2020-ൽ മറുപടിക്ക്

ഭൂമിയുടെ തരം മാറ്റം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ആർ.ഡി.ഒ. മാർ തരം മാറ്റാൻ അനുവാദം നൽകിയ ഭൂമിയിൽ, "പുരയിടം" എന്ന നിർവ്വചനത്തിന് പകരം "സ്വഭാവ വ്യതിയാനം വരുത്തിയ പുരയിടം" എന്ന് രേഖപ്പെടുത്തു വാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇപ്രകാരം ഒരു തീരുമാനം എടുത്തത് ഏത് സാഹചര്യ ത്തിലാണെന്നും ഇതുമൂലമുള്ള പ്രയോജനമെന്താണെന്നും വ്യക്തമാക്കുമോ? | (ബി) 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമപ്രകാരം, സ്വഭാവ വ്യതിയാനം വരുത്തുന്ന ഭൂമിയുടെ സപ്ലിമെന്ററി ബി.റ്റി.ആർ തയ്യാറാക്കുമ്പോൾ 'സ്വഭാവ വ്യതിയാനം നടത്തുന്നതിന് അനുമതി ലഭിച്ചതിൻപ്രകാരം പുരയിടമാക്കിയ ഭൂമി' എന്ന വേർതിരിവ് ഇല്ലാതെ പോകുമെന്ന തരത്തിലുള്ള സംശയങ്ങൾ ചില ഭാഗങ്ങളിൽ നിന്നും ഉണ്ടായിരുന്നു. ആയതിനാൽ സ്വഭാവ വ്യതിയാനത്തിന് അനുമതി ലഭിച്ചു വഴി പുരയിടം ആക്കി മാറ്റിയ ഭൂമിയാണെന്ന് എല്ലാ സമയത്തും തിരിച്ചറിയാൻ കഴിയുന്ന രീതിയിലായിരിക്കണം റവന്യൂ രേഖകളിൽ ഉൾക്കുറിപ്പുകൾ ചേർക്കേണ്ടത് എന്നുള്ളതു കൊണ്ട്, സ്വഭാവ വ്യതിയാനം വരുത്തുവാൻ അനുമതി നൽകപ്പെട്ട ഭൂമി സംബന്ധിച്ച് 2018-ലെ കേരള കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ചട്ടം 13(3) പ്രകാരം സപ്ലിമെന്ററി അടിസ്ഥാന ഭൂനികുതി രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുമ്പോൾ 'സ്വഭാവ വ്യതിയാനം നടത്തിയ' എന്ന വാക്കുകൾ കൂടി "പുരയിടം" എന്ന വാക്കിനു മുമ്പേ ഉൾപ്പെടുത്തിയായിരിക്കണം ഉൾക്കുറിപ്പ് ചേർക്കേണ്ടതെന്ന് സർക്കുലർ മുഖേന നിർദ്ദേശിക്കുകയുണ്ടായി. അതിൻപ്രകാരം ചട്ടം ഭേദഗതി ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ